ദേശാഭിമാനി
14 August 2021

# കോവിഡ് പ്രതിസന്ധിയിൽ തുണയായി കൂടുമീൻകൃഷി

**കൊച്ചി**

ഒരു മീൻകൂടിൽനിന്ന് വിളവെടുത്തത് 600 കിലോ കരിമീൻ. കിലോയ്ക്ക് 450 രൂപ നിരക്കിൽ വിൽപ്പന. ലാഭം 2,73,000 രൂപ. കോവിഡ് സാഹചര്യത്തിൽ സാമ്പത്തിക ബുദ്ധിമുട്ടിലായ മരടിലെ പട്ടികജാതി കുടുംബങ്ങൾക്ക് ആശ്വാസമാകുകയാണ് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) നേതൃത്വത്തിൽ നെട്ടൂർ മരട് കായലിൽ നടത്തിയ കൂടുകൃഷി.

മരടിലെ പട്ടികജാതി കുടുംബങ്ങൾ ഉൾപ്പെടുന്ന 'പുഴയോരം' സ്വയംസഹായക സംഘം ഒക്ടോബറിലാണ് കൂടുകൃഷി ആരംഭിച്ചത്. സിഎംഎഫ്ആർഐയുടെ ഷെഡ്യൂൾഡ് കാസ്റ്റ് സബ് പ്ലാൻ പദ്ധതിക്കുകീഴിലായിരുന്നു കൃഷി.

നാല് മീറ്റർ വീതിയും നീളവുമുള്ള മീനകൂടിൽ 2000 കരിമീൻ കുഞ്ഞുങ്ങളെ നിക്ഷേപിച്ചു. മീൻകൂട്, മീൻകുഞ്ഞുങ്ങൾ, തീറ്റ തുടങ്ങിയവ സിഎംഎഫ്ആർഐ സൗജന്യമായി നൽകി. കൃഷിയുടെ ഓരോഘട്ടത്തിൽ സാങ്കേതിക സഹായവും നൽകി. പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. കെ മധുവിന്റെ നേതൃത്വത്തിലുള്ള ഗവേഷക സംഘം കൂടുകൃഷിക്ക് മേൽനോട്ടം വഹിച്ചു.

കരിമീനിന് ശരാശരി 380 ഗ്രാം തൂക്കവും 95 ശതമാനം അതിജീവന ശേഷിയുമുണ്ട്. മരട് നഗരസഭാ വൈസ് ചെയർപേഴ്സൺ രശ്മി സനിൽ വിളവെടുപ്പ് ഉദ്ഘാടനം ചെയ്തു.

ഷെഡ്യൂൾഡ് കാസ്റ്റ് സബ് പ്ലാൻ പദ്ധതിയിലൂടെ കോവിഡ് പ്രതിസന്ധിയിൽ പതറിനിന്ന കുടുംബങ്ങൾക്ക് ബദൽ വരുമാന മാർഗമായെന്ന് ഡയറക്ടർ ഡോ. എ ഗോപാലകൃഷ്ണൻ പറഞ്ഞു. പെൻകൾച്ചർ, ബയോഫ്ളോക് മീൻകൃഷി എന്നിവയും പട്ടികജാതി കുടുംബങ്ങൾക്കായി സിഎംഎഫ്ആർഐ നടപ്പാക്കുന്നുണ്ട്. ട്രാൻസ്ജെൻഡർ വിഭാഗത്തിനുവേണ്ടിയും സമാനമായ പദ്ധതികൾ സിഎംഎഫ്ആർഐ നടപ്പാക്കുന്നു.